## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 530 : 11.06.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ ഡയാലിസിസ് സെന്ററുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. പി. എ. മാധവൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ആശുപത്രികളിലാണ് സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നല്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/ താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനു വേണ്ട ധനസമാഹരണം എങ്ങനെയാണ് നടത്തുന്നത്; | (സി) | കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് ആവശ്യമായ തുക കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. |
| (ഡി) | ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത് വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാന ആരോഗ്യ വകുപ്പിന്റേയും, മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റേയും സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ.